**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2292** **13-09-2023 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതികളിൽ ഉൾപ്പെടുത്തി കഴിഞ്ഞ ഒരു വർഷം എത്ര പേർക്ക് ചികിൽസ നൽകിയെന്നും എത്ര രൂപയുടെ ചികിത്സയാണ് നൽകിയതെന്നും വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇംപ്ലാന്റ്, മരുന്നുകൾ എന്നിവ ലഭ്യമാക്കുന്ന രീതി വിശദീകരിക്കാമോ; | (എ) | തൃശ്ശൂർ ഗവ.മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 23017 രോഗികൾക്ക് 31,65,77,673/- രൂപയുടെ സൗജന്യ ചികിത്സയും, തൃശ്ശൂർ ഗവ.മെഡിക്കൽ നെഞ്ചു രോഗാശുപത്രിയിൽ 17451 രോഗികൾക്ക് 22,01,35,946/- രൂപയുടെ സൗജന്യ ചികിത്സയും നല്കിയിട്ടുണ്ട്.<br><br>കാസ്പ്, ആർ.ബി.എസ്.കെ, ജെ.എസ്.എസ്.കെ, മെഡിസെപ്പ് തുടങ്ങിയ എല്ലാ സർക്കാർ സൗജന്യ ചികിത്സ പദ്ധതിയിൽ ഉൾപ്പെടുന്ന രോഗികൾക്കും ഇംപ്ലാൻറ്/മരുന്നുകൾ എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിനു മെച്ചപ്പെട്ട സൗകര്യങ്ങളോടെ ആശുപത്രിയിൽ സിംഗിൾ വിൻഡോ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. ആശുപത്രി ഫാർമസിയിൽ ലഭ്യമല്ലാത്ത മരുന്നുകൾ ന്യായ വില മെഡിക്കൽ സ്റ്റോർ , കാരുണ്യ ഫാർമസി , എച്ച്.എൽ.എൽ ഫാർമസി തുടങ്ങി എംപാനൽ ചെയ്തിട്ടുള്ള ഫാർമസികൾ മുഖേന ഇവിടേയ്ക്ക് ലഭ്യമാക്കി രോഗികൾക്ക് സിംഗിൾ വിൻഡോ സിസ്റ്റം പ്രകാരം വിതരണം ചെയ്യുന്നു. ഇംപ്ലാന്റുകൾ എച് ഡി എസ് ഇംപ്ലാന്റ് സ്റ്റോർ മുഖേനെയും ലഭ്യമാക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗികൾക്ക് വേണ്ടി | (ബി) | കാസ്പ്, ആർ.ബി.എസ്.കെ, ജെ.എസ്.എസ്.കെ, മെഡിസെപ്പ് തുടങ്ങിയ എല്ലാ സർക്കാർ സൗജന്യ |

| | | | |
|---|---|---|---|
| | ആരംഭിച്ച പ്രത്യേക ഫാർമസിയുടെ പ്രവർത്തനം വിശദീകരിക്കാമോ? | | ചികിത്സ പദ്ധതിയിൽ ഉൾപ്പെടുന്ന രോഗികൾക്കും ഇംപ്ലാന്റ്/മരുന്നുകൾ എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിനു മെച്ചപ്പെട്ട സൗകര്യങ്ങളോടെ ആശുപത്രിയിൽ സിംഗിൾ വിൻഡോ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>ഇതിനോടനുബന്ധിച്ചാണ് പ്രത്യേക ഫാർമസി (സ്കീം ഫാർമസി) ആരംഭിച്ചിട്ടുള്ളത്. ആശുപത്രി ഫാർമസിയിൽ ലഭ്യമല്ലാത്ത മരുന്നുകൾ ന്യായവില മെഡിക്കൽസ്റ്റോർ, കാരുണ്യ ഫാർമസി, എച്ച്.എൽ.എൽ ഫാർമസി തുടങ്ങി എംപാനൽ ചെയ്തിട്ടുള്ള ഫാർമസികൾ മുഖേന ഇവടേയ്ക്ക് ലഭ്യമാക്കി രോഗികൾക്ക് സിംഗിൾ വിൻഡോ സിസ്റ്റം പ്രകാരം വിതരണം ചെയ്യുന്നു.<br><br>ഇതുമൂലം മരുന്നുകൾക്കായി കൂട്ടിരിപ്പുകാർ വിവിധ കൗണ്ടറുകൾ, ഫാർമസികൾ എന്നിവ തേടി നടക്കേണ്ട സാഹചര്യം ഒഴിവാക്കി നടപടികൾ ലഘൂകരിക്കാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ